## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1982 16.06.2014 ൽ മറുപടിയ്ക്ക്.

### വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടൗൺ ടു ടൗൺ ഓർഡിനറി സർവ്വീസ് ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിന് വിദ്യാർത്ഥികളെ അനുവദിക്കുന്നുണ്ട്. അധ്യയനവർഷാരംഭത്തിൽ വിദ്യാർത്ഥികൾക്ക് ഉണ്ടായേക്കാവുന്ന യാത്രാ ദുരിതം മുൻകൂട്ടികണ്ട് കെ.എസ്.ആർ.ടി.സി. പരമാവധി ബസുകൾ നിരത്തിലിറക്കി യാത്രാക്ലേശം ഒഴിവാക്കാനുള്ള നിർദ്ദേശം ഇതിനോടകം തന്നെ ബന്ധപ്പെട്ടവർക്ക് നൽകുകയും ആയത് പ്രാവർത്തികമാക്കിവരികയുമാണ്. വിദ്യാർത്ഥികൾക്ക് യാത്രാക്ലേശം ഉണ്ടാകാത്ത രീതിയിൽ സർവ്വീസുകൾ ക്രമീകരിച്ചും സമയക്ലിപ്തതയോടെയും നടത്തുന്നുമുണ്ട്. അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ദിവസങ്ങളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്. അവധി ദിവസങ്ങളിൽ കൂടി യാത്ര ചെയ്യാവുന്നതിനാൽ കൺസഷൻടിക്കറ്റിൽ അനുവദിച്ചിട്ടുള്ള യാത്ര നേരത്തെ തീരുകയാണെങ്കിൽ കാലാവധിക്ക് മുൻപ് തന്നെ കൺസഷൻ ടിക്കറ്റ് പുതുക്കുന്നതിനും ഇപ്പോൾ അവസരമുണ്ട്. പുറമെ വിദ്യാർത്ഥി പഠിക്കാനുദ്ദേശിക്കുന്ന പാഠ്യ വിഷയമുള്ള പഠനസ്ഥാപനം 40 കി.മീ. പരിധിക്കുള്ളിൽ ഇല്ലായെങ്കിൽ ദൂരപരിധി കണക്കാക്കാതെ യാത്രാ സൗജന്യം അനുവദിക്കുന്നുമുണ്ട്. ഓർഡിനറി വിഭാഗത്തിൽപ്പെടുന്ന സ്വകാര്യബസ്സുകളിലും |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് അവധി ദിവസങ്ങളിൽ ഉൾപ്പെടെ യാത്രാ സൗജന്യം അനുവദിക്കുന്നുണ്ട്.<br>വിദ്യാർത്ഥികളുടെ ബസ് യാത്രയിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വേണ്ടി എല്ലാ അക്കാദമിക് വർഷത്തിന്റെ ആരംഭത്തിലും സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി കൂടി എല്ലാ ജില്ലകളിലും തീരുമാനങ്ങൾ കൈക്കൊള്ളാറുണ്ട്. മേൽപ്പറഞ്ഞ കമ്മിറ്റി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടേയും റോഡ് സേഫ്റ്റി ക്ലബിന്റേയും സഹായത്തോടെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു. ഇതുകൂടാതെ ഗതാഗത കമ്മീഷണറുടെ ഓഫീസിൽ 24x7 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി സെല്ലിന്റെ സേവനം വിദ്യാർത്ഥികൾക്കും, ബസ് ജീവനക്കാരുമായി ബന്ധപ്പെട്ട പരാതികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ബി) | പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികളെ കയറ്റാതിരിക്കുക, അവധി ദിനങ്ങളിൽ യാത്രായിളവ് അനുവദിക്കാതിരിക്കുക, മോശമായി പെരുമാറുക എന്നിവ തടയുന്നതിന് കർശനനടപടി സ്വീകരിക്കുമോ ? | (ബി) | ഈ വിഷയത്തിൽ നടപടി എടുക്കാനായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.